# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3344 19.10.2016-ൽ മറുപടിയ്ക്ക്

## സാംസ്കാരിക പെൻഷൻ കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉണ്ണി: | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും**<br>**നിയമവും സാംസ്കാരികവും**<br>**പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) സാംസ്കാരിക വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള കലാകാര പെൻഷൻ 2015 ഡിസംബർ മാസത്തിനു ശേഷം കുടിശ്ശിക ആയിരിക്കുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) 2014 നവംബർ മാസം മുതൽ ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേയ്ക്ക് കലാകാര പെൻഷൻ അയയ്ക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയ എല്ലാ കലാകാരന്മാർക്കും, ബാങ്കിലോ, പോസ്റ്റോഫീസിലോ പോയി അക്കൗണ്ട് തുടങ്ങാൻ കഴിയാത്ത കലാകാരന്മാർക്ക് EMO മുഖേനയും 2016 ഒക്ടോബർ മാസം വരെയുള്ള കലാകാര പെൻഷൻ അയച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാത്തവർക്ക് പെൻഷൻ അയയ്ക്കാൻ കഴിഞ്ഞിട്ടില്ല. |
| ബി) വാർദ്ധക്യ സഹജമായ രോഗങ്ങളാൽ പീഢയനുഭവിക്കുന്ന അവശ കലാകാരന്മാർക്ക് പെൻഷൻ മുടക്കം കൂടാതെ ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | ബി) രോഗപീഢിതരായുള്ള പെൻഷൻകാർക്ക് മണി ഓർഡർ മുഖാന്തിരം അയയ്ക്കുന്നുണ്ട്. |
| സി) ഒറ്റപ്പാലം താലൂക്കിൽ എത്ര പേർക്ക് സാംസ്കാരിക പെൻഷൻ ലഭിയ്ക്കുന്നുണ്ട് എന്നും ഓരോരുത്തർക്കും കിട്ടാനുള്ള കുടിശ്ശിക എത്ര എന്നും കുടിശ്ശിക തീർത്തു കൊടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്നും വിശദമാക്കുമോ? | സി) പാലക്കാട് ജില്ലയിൽ 267 കലാകാരന്മാർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. കലാകാര പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് / പോസ്റ്റോഫീസ് അക്കൗണ്ടുകളിലേക്കാണ് അയയ്ക്കുന്നത്. അതിൽ 25 ഓളം പേർ ഒറ്റപ്പാലം താലൂക്കിൽ ഉൾപ്പെടുന്നവരാണ്. ഇവർക്ക് കലാകാര പെൻഷൻ കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ബാങ്ക്/പോസ്റ്റ് ഓഫീസ് അക്കൗണ്ടിലേയ്ക്ക് കലാകാര പെൻഷൻ അയയ്ക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയ ആർക്കും കലാകാര പെൻഷൻ കുടിശ്ശിക നൽകാനില്ല. |

**സെക്ഷൻ ഓഫീസർ**